# 53. കുങ്കുമം അവാർഡ്

എട്ടാമത്തെ കുങ്കുമം നോവൽ മത്സരത്തിൽ ഒന്നാം സമ്മാനമായ പതിനോരായിരത്തി നൂററിപ്പതിനൊന്നു രൂപ 'ആത്മാർപ്പണം' എന്ന നോവൽ എഴുതിയ ശ്രീമതി വത്സലകൃഷ്ണനും, രണ്ടാം സമ്മാനമായ അയ്യായിരത്തൊന്നു രൂപ 'റിഹേഴ്സൽ ക്യാമ്പ്' എന്ന നോവൽ എഴുതിയ ശ്രീ അഷ്ടമൂർത്തിക്കും, വിധികർത്താക്കളുടെ കമ്മററിയുടെ അദ്ധ്യക്ഷനായിരുന്ന ചീഫ് ജസ്റ്റിസ് ശ്രീ പി. സുബ്രഹ്മണ്യൻപോററിയുടെ അദ്ധ്യക്ഷതയിൽ ജൂൺ 19-ാം തീയതി കോഴിക്കോട്ടു ചേർന്ന സമ്മേളനത്തിൽവെച്ച് സുപ്രീം കോർട്ട് ജസ്റ്റിസ് ശ്രീ പി. ബാലകൃഷ്ണൻ ഏറാടി നൽകുകയുണ്ടായി.

സാഹിത്യത്തിൽ താരതമ്യേന നവാഗതരാണ് ശ്രീമതി വത്സലകൃഷ്ണനും ശ്രീ അഷ്ടമൂർത്തിയും. തങ്ങളുടെ ആദ്യ നോവലുകളാണ് അവർക്കു രണ്ടുപേർക്കും 'കുങ്കുമം' അവാർഡുകൾ നേടിക്കൊടുത്തതു്.

പാലക്കാട്ട് നഗരത്തിലും പരിസരങ്ങളിലുമുള്ള പല ഗ്രാമങ്ങളിലായി പാർത്തുവരുന്ന തമിഴ് ബ്രാഹ്മണരുടെ സമകാല ജീവിതം അനുപമമായ വൈദഗ്ദ്ധ്യത്തോടെ, 'ആത്മാർപ്പണം' എന്ന നോവലിൽ ശ്രീമതി വത്സലകൃഷ്ണൻ ചിത്രീകരിച്ചിരിക്കുന്നു. 'ഊക്കേറിടും പ്രകൃതി കെട്ടിയ കോട്ടപോലെ' തെക്കുവടക്കു നീണ്ടുകിടന്ന് കേരളത്തെ തമിഴ്നാട്ടിൽനിന്നു വേർതിരിക്കുന്ന പശ്ചിമഘട്ട പംക്തിയിലുള്ള ഏററവും വലിയ വിടവാണല്ലോ പാലക്കാട്ട ചുരം. തമിഴ്-മലയാള സംസ്കൃതികളുടെ സംഗമസ്ഥാനമാണ് ഈ പ്രദേശം. ഭാരതപ്പുഴയുടെ പല പോഷകനദികൾ ഈ ഭൂവിഭാഗത്തെ കേരളത്തിൻെറ നെല്ലറയാക്കിത്തീർത്തിരിക്കുന്നു. ഹൈദരാലിയുടെ ആക്രമണത്തിനു മുമ്പ് ഏറെക്കുറെ സ്വതന്ത്രരായി ഈ പ്രദേശത്തു ഭരണം നടത്തിയിരുന്ന പാലക്കാട്ടു രാജാക്കന്മാരുടെ ക്ഷണം സ്വീകരിച്ച് പല കാലങ്ങളിലായി തമിഴ് ബ്രാഹ്മണരുടെ വലിയ സംഘങ്ങൾ ഇവിടുത്തെ ഫലപുഷ്ടങ്ങളായ നദീതീരങ്ങളിൽ ഗ്രാമങ്ങൾ സ്ഥാപിച്ച് കുടിപാർക്കുകയുണ്ടായി. നാലു വേദങ്ങളിലും ആറു ശാസ്ത്രങ്ങളിലും മാത്രമല്ല, ശാസ്ത്രീയസംഗീതത്തിലും താളവാദ്യങ്ങളിലും പാചകശാസ്ത്രത്തിലും മററും പ്രശസ്തിയാർജിച്ച ഒട്ടുവളരെ മഹാന്മാർ ഈ ഗ്രാമങ്ങളിൽ ജീവിച്ചിരുന്നു. സർക്കാർ ജോലികളിലും സ്വകാര്യ വ്യവസായങ്ങളിലും സേവനമനുഷ്ഠിച്ച് ഖ്യാതി നേടിയവരും ഇക്കൂട്ടത്തിൽ അപൂർവമായിരുന്നില്ല.

ആ മഹിമ, പക്ഷേ, ഇന്ന് ഒരോർമ മാത്രമായിരിക്കുന്നു. തമിഴ്നാട്ടിലെ അബ്രാഹ്മണപ്രസ്ഥാനങ്ങൾ, വടക്കെ ഇന്ത്യയിലേക്കു വൻതോതിൽ തമിഴ് ബ്രാഹ്മണർ കുടിയേറിപ്പാർക്കുന്നതിനു കാരണമായിത്തീർന്നു. ഉത്തരേന്ത്യൻ നഗരങ്ങളിലെ വ്യവസായ-വാണിജ്യ അഭിവൃദ്ധി അഭ്യസ്തവിദ്യരും ഉത്കർഷേച്ഛുക്കളുമായ ബ്രാഹ്മണയുവാക്കളെ അങ്ങോട്ടാകർഷിച്ചു. ഭൂനിയമങ്ങളിൽ വന്ന പരിഷ്കാരങ്ങൾ, മണ്ണിൽ നേരിട്ടു കൃഷിചെയ്യാതിരുന്ന ഭൂവുടമകളെ പാപ്പരാക്കിയപ്പോൾ, പാലക്കാട്ട് ശേഷിച്ച തമിഴ് ബ്രാഹ്മണരിൽ ഭൂരിഭാഗത്തിൻെറയും സ്ഥിതി പരുങ്ങലിലായി. ഭൗതികമായ ഈ അപചയത്തോടൊപ്പം അവർക്ക് നൈതികവും ആദ്ധ്യാത്മികവുമായ അധഃപതനത്തെയും, സ്വാഭാവികമായി, നേരിടേണ്ടിവന്നു. ഈ പരിസ്ഥിതികളിൽ, അശരണയായ ഒരു ബ്രാഹ്മണയുവതി അനുഭവിക്കേണ്ടിവരുന്ന ജീവിത യാതനകളാണ് ശ്രീമതി വത്സലകൃഷ്ണൻെറ

'ആത്മാർപ്പണം' എന്ന നോവലിന്റെ പ്രമേയം. സ്ഫുടമായ നിരീക്ഷണവും ലളിതമായ ആഖ്യാനവും സർവോപരി ഗ്രന്ഥകർത്രിയുടെ കലർപ്പററ ആത്മാർത്ഥതയും ആണ് മത്സരത്തിനു സമർപ്പിക്കപ്പെട്ട നോവലുകൾക്കിടയിൽ 'ആത്മാർപ്പണ'ത്തെ ശ്രദ്ധേയമാക്കിയതു്.

സാങ്കേതികമായി ഉന്നതമായ നിലവാരം പുലർത്തുന്ന ഒന്നാണ് ശ്രീ അഷ്ടമൂർത്തിയുടെ 'റിഹേഴ്സൽ ക്യാമ്പ്.' ഒരു ഇടതുപക്ഷപ്പാർട്ടിയുടെ സാംസ്കാരികപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ഒരുകൂട്ടം വ്യക്തികളെ അസാധാരണമായ വൈദഗ്ദ്ധ്യത്തോടെ ശ്രീ അഷ്ടമൂർത്തി ഇതിൽ ചിത്രീകരിക്കുന്നു. റിഹേഴ്സലിനു സങ്കീർണ്ണ പതിവുള്ള പ്രതിബന്ധങ്ങളെല്ലാമുണ്ടാകുന്നു. ക്യാമ്പിൽ ഒന്നിച്ചു പാർക്കുന്ന സ്ത്രീപുരുഷന്മാരുടെ വ്യക്തിത്വത്തിന്റെ ബാഹ്യാവരണങ്ങളെല്ലാം ഊർന്നുവീണ്, അവരുടെ ആന്തരമായ തനിമ, അതിന്റെ എല്ലാ സൗന്ദര്യങ്ങളോടും വൈരൂപ്യങ്ങളോടുംകൂടെ, വെളിപ്പെടാൻ തുടങ്ങുന്നു. പരാജയത്തിൽ കലാശിച്ച ഈ അഭിനയ പരിശീലനത്തിന്റെ ചിത്രണത്തിലൂടെ, നമ്മുടെ നാട്ടിലെ ഇടതുപക്ഷ പ്രസ്ഥാനങ്ങളെ ഉള്ളിൽനിന്നു കാർന്നു നശിപ്പിച്ചുകൊണ്ടിരിക്കുന്ന മാരകരോഗങ്ങളിലേക്കു വെളിച്ചം പ്രസരിപ്പിക്കുന്നതിൽ ശ്രീ അഷ്ടമൂർത്തി വിജയിച്ചിരിക്കുന്നു.

ശ്രീമതി വത്സലകൃഷ്ണനും ശ്രീ അഷ്ടമൂർത്തിക്കും 'കുങ്കുമം' ശോഭനവും ഫലപൂർണവും സുദീർഘവുമായ സാഹിത്യജീവിതം ആശംസിക്കുന്നു.

സാഹിത്യ-സാംസ്കാരികരംഗങ്ങളിൽ നടത്തുന്ന മത്സരങ്ങളുടെയും സമ്മാനങ്ങളുടെയും പ്രയോജനത്തെ സംശയദൃഷ്ടിയോടെ വീക്ഷിക്കുന്നവർക്കു് നമ്മുടെയിടയിൽ ക്ഷാമമില്ല. ഇത്തരം മത്സരങ്ങൾ സംഘടിപ്പിക്കുന്ന സ്ഥാപനങ്ങളുടെ ഉദ്ദേശ്യശുദ്ധിയേയും, മത്സരങ്ങളുടെ നടത്തിപ്പിലെ സത്യസന്ധതയേയും ചോദ്യംചെയ്യുന്ന ദോഷൈകദൃക്കുകളും അപൂർവമായെങ്കിലും, ഇല്ലാതില്ല. മത്സരങ്ങളിൽ ആകാംക്ഷയോടെ പങ്കെടുക്കുകയും, അവയിൽ പ്രതീക്ഷിച്ച വിജയം നേടാൻ കഴിയാതിരിക്കുകയും ചെയ്യുവരാണ്, പ്രായേണ, ഇങ്ങനെ സംഘാടകരുടെ സദ്ബുദ്ധിയിൽ സംശയാലുക്കളായി കാണപ്പെടുന്നതു്. 'കുങ്കുമം' ഇന്നോളം നടത്തിയ എട്ടു നോവൽ മത്സരങ്ങളിലും പൂർണമായ നിഷ്പക്ഷതയും സത്യസന്ധതയും ദീക്ഷിച്ചിട്ടുണ്ടെന്നു ഞങ്ങൾക്കു് ഉറപ്പിച്ചു പറയാൻ കഴിയും. കൃതികളുടെ ഗുണദോഷങ്ങളല്ലാതെ അവയുടെ രചയിതാക്കളുടെ പേരോ ചുററുപാടുകളോ സമ്മാനം നിശ്ചയിക്കുന്ന അവസരത്തിൽ വിധികർത്താക്കളുടെ മുന്നിൽ ഒരിക്കലും ഉണ്ടായിരുന്നില്ല. ഓരോ കൈയെഴുത്തുപ്രതിയും മനസ്സിരുത്തി വായിച്ചു്, വിസ്തരിച്ചു് കുറിപ്പുകളെഴുതി നിഷ്കർഷിച്ചു് താരതമ്യപഠനം നിർവഹിച്ചതിനു ശേഷം, സുദീർഘങ്ങളായ ചർച്ചകൾ നടത്തിയാണ് ഓരോ തവണയും വിധികർത്താക്കൾ ഏകകണ്ഠമായ തീരുമാനത്തിലെത്തിയിട്ടുള്ളതു്. സമ്മാനം നേടിയ കൃതികൾ 'കുങ്കുമം' വാരികയിലൂടെ ആദ്യമായി പ്രസിദ്ധീകരിക്കപ്പെടുന്നു എന്നതു മാത്രമാണ് സംഘാടകർക്കു് ഈ മത്സരങ്ങൾ നടത്തുന്നതിൽ അന്തർഭവിച്ച 'സ്വാർത്ഥം.'

ഈ മത്സരങ്ങൾകൊണ്ടു് എഴുത്തുകാർക്കു പ്രയോജനമുണ്ടോ? 'തീർച്ചയായും ഉണ്ടു്' എന്നാണ് ഞങ്ങളുടെ ഉത്തരം. യുവാക്കളും അന്നോളം താരതമ്യേന അപ്രസിദ്ധരുമായ എഴുത്തുകാരാണ് ഇക്കഴിഞ്ഞ എട്ടു മത്സരങ്ങളിലും സമ്മാനിതരായിട്ടുള്ളതു്. സമ്മാനലാഭം, അവരിൽ മിക്കവരെയും സംബന്ധിച്ചിടത്തോളം, ഉജ്ജ്വലമായ സാഹിത്യജീവിതത്തിന്റെ നാന്ദിയായിട്ടാണ് തീർന്നിട്ടുള്ളതു്. ആത്മവിശ്വാസം വളർത്തിയതിലും, തങ്ങളുടെ രചനകളിലേക്കു പൊതുജനങ്ങളുടെ ശ്രദ്ധ ആകർഷിച്ചതിലും, അതുവഴി തങ്ങൾക്കു് അനുവാചകരെയും പ്രസാധകരെയും നേടിത്തന്നതിലും

'കങ്കമം' നിർവഹിച്ച സേവനത്തെ, സമ്മാനം നേടിയ പലരും മുക്തകണ്ഠം ശ്ലാഘിച്ചിട്ടുണ്ട്.

കൈയെഴുത്തുപ്രതികരം വായിച്ചുനോക്കി അവയെപ്പററി എഴുത്തുകാരുമായി ചർച്ചചെയ്യുന്നതിനുള്ള സംവിധാനം, മലയാള പുസ്തകപ്രസാധനരംഗത്തു് ഇനിയും ഉണ്ടായിട്ടില്ല. വിവേചനശീലരായ മൂന്നു വായനക്കാരുടെയെങ്കിലും മുമ്പിൽ കൈയെഴുത്തുപ്രതികരം എത്തിക്കുന്നു എന്നതു്, പുതിയ എഴുത്തുകാരെ സംബന്ധിച്ചിടത്തോളം, ഈ മത്സരങ്ങരം നിർവഹിക്കുന്ന വലിയൊരു സേവനമാണു്. ഓരോ മത്സരത്തിലും മേലേക്കിടയിൽപ്പെട്ടതായി ഗണിക്കപ്പെടുന്ന അഞ്ചോ ആറോ കൈയെഴുത്തുപ്രതികളുടെ കർത്താക്കരംക്കു് അവരുടെ കൃതികളെപ്പററി വിധികർത്താക്കളുമായി ചർച്ച നടത്തുന്നതിനു് അവസരം ഉണ്ടാക്കിക്കൊടുക്കുകകൂടി ചെയ്താൽ ഇത്തരം മത്സരങ്ങരംകൊണ്ടു് ഇന്നത്തേതിലും കൂടുതൽ പ്രയോജനമുണ്ടാവുമെന്നതിൽ യാതൊരു സംശയവുമില്ല.

തീരെ പുതിയ എഴുത്തുകാർ മാത്രമാണു് മിക്കപ്പോഴും ഇത്തരം മത്സരങ്ങളിൽ പങ്കെടുക്കുന്നതു്. വിവാദഭീരുതമൂലം ലബ്ധപ്രതിഷ്ഠന്മാർ ഇവയിൽ പ്രവേശിക്കുന്നില്ല. അതിനാൽ വിധികർത്താക്കളുടെ മുമ്പിൽ പരിശോധനയ്ക്കു സമർപ്പിക്കപ്പെടുന്ന കൃതികളിൽ പലതും പക്വതയില്ലാത്തവയായാണു് അനുഭവപ്പെടുന്നതു്. മൗലികമായ പ്രതിഭ, സൂക്ഷ്മമായ നിരീക്ഷണം, വിശാലമായ ഗ്രന്ഥപരിചയം മുതലായവ വെളിപ്പെടുത്തുന്ന രചനകരം വളരെ അപൂർവമായേ ഇത്തരം മത്സരങ്ങളിൽ എത്തിപ്പെടാറുള്ളൂ. അതിനാൽത്തന്നെ തികച്ചും സാധാരണങ്ങളായ കൈയെഴുത്തുപ്രതികരംക്കിടയിൽ അത്തരം ചില രചനകളെങ്കിലും വായിക്കാൻ കിട്ടുമ്പോരം വിധികർത്താക്കരംക്കു് അനുഭവപ്പെടുന്ന ആഹ്ലാദത്തിനു് അതിരില്ല. വിസ്തൃതമായ ആകാശത്തിലെ അസംഖ്യേയങ്ങളായ ജ്യോതിർഗോളങ്ങരംക്കിടയിൽ, ഇതിനുമുമ്പു് ആരും സാക്ഷാത്ക്കരിച്ചിട്ടില്ലാത്ത ഒരു നക്ഷത്രത്തെ തൻെറ ദൂരദർശിനിയിൽക്കൂടി കാണുമ്പോരം ഒരു ഖഗോളശാസ്ത്രജ്ഞനു് അനുഭവപ്പെടുന്നതു് ഏറെക്കുറെ ഇതേ ആഹ്ലാദമായിരിക്കാം.

മത്സരത്തിനെത്തുന്ന കൃതികളിൽ സമ്മാനം നേടുന്നതു് ഒന്നോ രണ്ടോ എണ്ണമായിരിക്കും. മററുള്ള കൃതികളുടെ രചന നിഷ്ഫലമായി എന്നു് ഇതിന്നർത്ഥമില്ല. അവയിൽ പലതും ഇതേ രൂപത്തിലോ, ലേഖകർ തന്നെ ഒന്നുകൂടി പരിശോധിച്ചു തിരുത്തിയെഴുതിയതിനു ശേഷമോ, പ്രകാശനം ചെയ്യപ്പെടുകയും, നമ്മുടെ സാഹിത്യത്തിൻെറ വളർച്ചയ്ക്കു കാരണമാവുകയും ചെയ്യുന്നുണ്ടു്.

മനുഷ്യൻെറ വളർച്ചയെപ്പോലെതന്നെ, സാഹിത്യത്തിൻെറ വളർച്ചയും ക്രമത്തിലും നന്നെ പതുക്കെയുമാണു്. ഒരു ദിവസം കാലത്തെഴുന്നേററു്, താൻ വളർന്നുവല്ലോ എന്നു് ആരും കണ്ടുപിടിക്കാറില്ല. എങ്കിലും ചില കാലങ്ങളിൽ വളർച്ച സാമാന്യത്തിലേറെ ത്വരിതമായിരിക്കും; ചില കാലങ്ങളിൽ വളർച്ചയേ ഉണ്ടാവുന്നില്ലെന്നു തോന്നുകയും ചെയ്യും. സാഹിത്യത്തിൻെറ വളർച്ചയും ഏറെക്കുറെ ഇങ്ങനെയൊക്കെത്തന്നെ. ഒരു പുതിയ ദർശനമോ, പുതിയ ഏതെങ്കിലും സങ്കേതമോ അവതരിപ്പിക്കുക വഴി സാഹിത്യത്തിൻെറ ഗതിയുടെ ദിശതന്നെ മാററിക്കളയുന്ന കൃതികരം വല്ലപ്പോഴുമേ രചിക്കപ്പെടാറുള്ളൂ. അത്തരം കൃതികളുടെ സ്വാധീനമാകട്ടെ, പലപ്പോഴും, വളരെ പതുക്കെ മാത്രമേ വ്യാപിക്കാറുമുള്ളൂ. മിക്ക കൃതികളും, നല്ല കൃതികരംതന്നെ, സാഹിത്യത്തിൻെറ ശരീരപുഷ്ടിക്കല്ലാതെ ഗുണപരിവർത്തനത്തിനു് ഉപകരിക്കാറില്ല. പ്രശസ്തി നേടിയ സമകാലകൃതികളുമായി തോളൊപ്പിച്ചു നില്ലാൻ കഴിഞ്ഞാൽതന്നെ മതി ഒരു പുതിയ എഴുത്തുകാരൻെറ പുതിയ കൃതിക്കു് ചാരിതാർത്ഥ്യം അടയുവാൻ. മലയാളത്തിലെ നോവലുകളുടെ കൂട്ടത്തിൽ പല വിധത്തിലും മുന്തിനില്ലുന്ന ഏതാ

നും കൃതികളെങ്കിലും 'കുങ്കുമം' നോവൽമത്സരങ്ങളിലൂടെ വെളിച്ചം കാണുകയുണ്ടായിട്ടുണ്ട്. ഈ മത്സരങ്ങളുടെ മൂല്യത്തെ സംബന്ധിച്ചിടത്തോളം ഇതിനേക്കാൾ വാചാലമായ സാക്ഷ്യം വേറെ വേണ്ടതില്ല.

12 ജൂലായ്, 1982

# 54. ഒരു മഹാഗ്രന്ഥത്തിന്റെ സുവർണജൂബിലി

മഹാരാഷ്ട്രത്തിലെ ധൂലിയാ സെൻട്രൽ ജയിലിൽ തടവുകാരനായിരിക്കെ ആചാര്യ വിനോബാഭാവേ തന്റെ ഇരുന്നൂറു കൂട്ടുതടവുകാരുടെ മുമ്പിൽ, 1932 ഫെബ്രുവരി 21 മുതൽ ജൂൺ 20 വരെ, ഭഗവദ്ഗീതയെപ്പറ്റി ഒരു പ്രസംഗപരമ്പര നടത്തുകയുണ്ടായി. 'ഗീതാപ്രവചനം' എന്ന പേരിൽ ഒരു പുസ്തകമായി പിന്നീടു സമാഹരിക്കപ്പെട്ട ഈ പ്രസംഗങ്ങൾക്ക് അത്ഭുതാവഹമായ പ്രചാരമാണുണ്ടായത്. ഹിന്ദി, ബംഗാളി, മറാഠി, ഗുജറാത്തി, ഉർദു, പഞ്ചാബി, ഉഡിയ, സിന്ധി, അസമിയ, കൊങ്കണി, നേപാളി, മണിപുരി, മൈഥിലി, ബാഗ്ഡി, തമിഴ്, തെലുങ്ക്, കന്നഡം, മലയാളം, സംസ്കൃതം എന്നീ ഭാരതീയ ഭാഷകളിലും ഇംഗ്ലീഷ്, ജർമൻ, ഡാനിഷ് എന്നീ യൂറോപ്യൻ ഭാഷകളിലും ഈ പുസ്തകം വിവർത്തനം ചെയ്യപ്പെട്ടു. അതിന്റെ പതിനാറു ലക്ഷത്തിനാല്പത്തൊരായിരത്തി മുന്നൂറു പ്രതികൾ വിറ്റഴിഞ്ഞു.

ഭാരതീയമെന്നോ 'ഗാന്ധിയൻ' എന്നോ വിശേഷിപ്പിക്കാവുന്ന ജീവിതദർശനത്തിന്റെ ദാർശനികാധാരമെന്ന് കരുതപ്പെടുന്ന ഈ മഹാഗ്രന്ഥത്തിന്റെ സുവർണജൂബിലി 1982 ഫെബ്രുവരി 21 മുതൽ ജൂൺ 20 വരെ ഇന്ത്യയിലൊട്ടാകെ ആഘോഷിക്കാൻ വാർധയിൽ പൗനാറിലെ വിനോബാ ആശ്രമക്കാർ ഏർപ്പാടു ചെയ്തിരുന്നു. ഈ അവസരത്തിൽ ഇംഗ്ലീഷിലും ഹിന്ദിയിലും പ്രസിദ്ധീകരിക്കുന്ന 'സ്മരണിക'യിൽ ഭഗവദ്ഗീതയിലെ സർവമത സമന്വയം, സത്യത്തെയും അഹിംസയെയും ആദർശമാക്കി ജീവിക്കുന്നതിനു വ്യത്യസ്ത വ്യക്തികൾ നടത്തിയ പരിശ്രമങ്ങളും അവകൊണ്ട് കൈവന്ന നേട്ടങ്ങളും, ആധുനിക യാന്ത്രിക സഭ്യതയുടെ കൃത്രിമതയിൽനിന്ന് പ്രകൃതിയുടെ സരളതയിലേക്കു തിരിച്ചു പോകുന്നതിനുള്ള സാദ്ധ്യതകൾ, മനുഷ്യസംസ്കാരത്തിലെ പുതിയ ചിന്തനങ്ങൾ, ഇന്ത്യയുടെ ഐക്യത്തിനു ഗീത നല്കുന്ന സംഭാവന, ഗീതയുടെ ജീവിതസന്ദേശം, ഭാരതീയമായ ആദ്ധ്യാത്മികസാഹിത്യം, വിനോബായുടെ ജീവിതദർശനം മുതലായ വിഷയങ്ങളെപ്പറ്റിയുള്ള ധാരാളം ലേഖനങ്ങൾ ഉൾക്കൊള്ളിക്കുന്നുണ്ട്. സുവർണജൂബിലി സംബന്ധിച്ച മുഖ്യ ചടങ്ങുകൾ പൗനാറിലും ദില്ലിയിൽ രാജ്ഘാട്ടിലും ധൂലിയാ സെൻട്രൽ ജെയിലിലുമാണു നടത്തുക. ഗീതാപ്രവചനം ഇന്ത്യയിലെ എല്ലാ ഭാഷകളിലും അച്ചടിച്ചു പ്രസിദ്ധപ്പെടുത്തും, അതിനു വിദ്യാലയങ്ങളിലും ബഹുജനങ്ങൾക്കിടയിലും പരമാവധി പ്രചാരണം നല്കുകയും ചെയ്യും. ഇന്ത്യാഗവണ്മെന്റ് ഈ അവസരം പ്രമാണിച്ച് ഒരു ഡോക്യുമെന്ററി ചിത്രം നിർമിക്കുന്നുണ്ട്. പ്രദർശനങ്ങൾ, വിദ്യാർത്ഥികൾക്കു വിവിധ ഭാഷകളിൽ ഉപന്യാസ മത്സരങ്ങൾ, റേഡിയോ പ്രഭാഷണങ്ങൾ, നാടകങ്ങൾ മുതലായവ നടത്താനും തീരുമാനിച്ചിരുന്നു.

മഹാത്മാഗാന്ധിയുടെ മരണത്തിനുശേഷം, ഗാന്ധിദർശനത്തിന്റെ